



സൂറ-20

# ത്വാഹാ

ആയത്ത് 14 മുതൽ 18 വരെ

**നമസ്കാരവും സ്തുതികീർത്തനങ്ങളും അല്ലാഹുവിന്, പ്രായോഗിക ജീവിതത്തിലെ വിധേയത്വവും അനുസരണവും അവനല്ലാത്ത അധികാരികൾക്കും അവരനുശാസിക്കുന്ന നിയമങ്ങൾക്കും എന്ന നിലപാട് അല്ലാഹുവിനോടുള്ള അടിമത്തത്തിന് തികച്ചും വിരുദ്ധമാകുന്നു.**

إِنَّنِيٓ أَنَا ٱللَّهُ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدۡنِي وَأَقِمِ ٱلصَّلَوٰةَ لِذِكۡرِيٓ ﴿١٤﴾

14. അല്ലാഹു-സാക്ഷാൽ ദൈവം ഞാൻ തന്നെയാകുന്നു. ഞാനല്ലാതെ ദൈവമേതുമില്ല. അതിനാൽ നീ എനിക്ക് അടിമപ്പെടേണം. എന്നെ ഓർക്കുന്നതിനുവേണ്ടി മുറപ്രകാരം നമസ്കാരം നിർവഹിക്കേണം.

إِنَّ ٱلسَّاعَةَ ءَاتِيَةٌ أَكَادُ أُخۡفِيهَا لِتُجۡزَىٰ كُلُّ نَفۡسِۭ بِمَا تَسۡعَىٰ ﴿١٥﴾

15. ഉയിർത്തെഴുന്നേൽപ്പു സമയം തീർച്ചയായും വന്നെത്തുന്നതാകുന്നു. ആ സമയം ഞാൻ ഏറെക്കുറെ ഗോപ്യമാക്കി വെക്കുന്നു; ഓരോ ആത്മാവിനും അതിന്റെ പ്രയത്നം അർഹിക്കുന്ന പ്രതിഫലം ലഭിക്കുന്നതിനു വേണ്ടിയുള്ളതാകുന്നു ഉയിർത്തെഴുന്നേൽപ്പ്.

فَلَا يَصُدَّنَّكَ عَنۡهَا مَن لَّا يُؤۡمِنُ بِهَا وَٱتَّبَعَ هَوَىٰهُ فَتَرۡدَىٰ ﴿١٦﴾

16. ഉയിർത്തെഴുന്നേൽപ്പിൽ വിശ്വസിക്കാതെ ജഡികാസക്തികൾക്കു പിമ്പേ പായുന്നവർ അതിൽനിന്ന് നിന്നെ തടയാതിരിക്കട്ടെ. അങ്ങനെ തടയപ്പെട്ടാൽ നീ നാശത്തിൽ പതിച്ചുപോകും.

وَمَا تِلۡكَ بِيَمِينِكَ يَٰمُوسَىٰ ﴿١٧﴾

17. അല്ലയോ മൂസാ അതെന്താണ് നിന്റെ വലതു കൈയിൽ?

قَالَ هِيَ عَصَايَ أَتَوَكَّؤُاْ عَلَيۡهَا وَأَهُشُّ بِهَا عَلَىٰ غَنَمِي وَلِيَ فِيهَا مَـَٔارِبُ أُخۡرَىٰ ﴿١٨﴾

18. മൂസാ ബോധിപ്പിച്ചു: അത് എന്റെ വടിയാണല്ലോ. ഞാൻ അത് ഊന്നി നടക്കുന്നു. ആടുകൾക്ക് ഇല പൊഴിച്ചുകൊടുക്കുന്നു. എനിക്കതുകൊണ്ട് വേറെയും പല ആവശ്യങ്ങളുണ്ട്.

إِنَّنِيٓ أَنَا ٱللَّهُ = അല്ലാഹു-സാക്ഷാൽ ദൈവം-ഞാൻ തന്നെയാകുന്നു
لَآ إِلَٰهَ إِلَّآ أَنَا۠ = ഞാനല്ലാതെ ദൈവം(ഏതും)ഇല്ല
فَٱعۡبُدۡنِي = അതിനാൽ നീ എനിക്ക് അടിമപ്പെടേണം, ഇബാദത്ത് ചെയ്യണം
وَأَقِمِ ٱلصَّلَوٰةَ = നീ നമസ്കാരം മുറപ്രകാരം നിർവഹിക്കേണം
لِذِكۡرِيٓ = എന്റെ സ്മരണാർഥം, എന്നെ ഓർക്കുന്നതിനുവേണ്ടി
إِنَّ ٱلسَّاعَةَ = തീർച്ചയായും (ഉയിർത്തെഴുന്നേൽപ്പ്) സമയം
ءَاتِيَةٌ = വന്നെത്തുന്നതാകുന്നു
أَكَادُ أُخۡفِيهَا = ഞാൻ അത് ഏറെക്കുറെ ഗോപ്യമാക്കു(ക്കി വെക്കു)ന്നു
لِتُجۡزَىٰ = പ്രതിഫലം നൽകപ്പെടാൻ(പ്രതിഫലം ലഭിക്കുന്നതിനുവേണ്ടിയുള്ളതാകുന്ന ഉയിർത്തെഴുന്നേൽപ്പ്)

| |
|---|
| എല്ലാ ഓരോ ആത്മാവിനും = كُلُّ نَفْسٍ |
| അതു പ്രയത്നിക്കുന്നതിന് (അതിന്റെ പ്രയത്നം അർഹിക്കുന്ന) = بِمَا تَسْعَىٰ |
| അതിനെ തൊട്ട് (അതിനെ കുറിച്ചുള്ള വിചാരത്തിൽനിന്ന്) = عَنْهَا ആകയാൽ നിന്നെ തടയാതിരിക്കട്ടെ = فَلَا يَصُدَّنَّكَ |
| അതിൽ വിശ്വസിക്കാത്തവൻ (ഉയിർത്തെഴുന്നേൽപ്പിൽ വിശ്വസിക്കാതെ) = مَن لَّا يُؤْمِنُ بِهَا |
| തന്റെ ദേഹേഛകളെ തുടർന്നവനും (ജഡികാസക്തികൾക്കു പിമ്പെ പായുന്നവൻ) = وَاتَّبَعَ هَوَاهُ |
| അതെന്താണ് = وَمَا تِلْكَ അപ്പോൾ (പരലോക വിചാരം തടയപ്പെട്ടാൽ) നീ നശിച്ചുപോകും = فَتَرْدَىٰ |
| അത് = هِيَ അദ്ദേഹം പറഞ്ഞു (മൂസാ ബോധിപ്പിച്ചു) = قَالَ അല്ലയോ മൂസാ = يَٰمُوسَىٰ നിന്റെ വലതു കൈയിൽ = بِيَمِينِكَ |
| ഞാൻ അതിന്മേൽ ഊന്നുന്നു(ന്നി നടക്കുന്നു) = أَتَوَكَّؤُا۟ عَلَيْهَا എന്റെ വടിയാണല്ലോ = عَصَايَ |
| എന്റെ ആടുകൾക്ക് = عَلَىٰ غَنَمِى അതുകൊണ്ട് ഞാൻ ഇല പൊഴി(ച്ചു കൊടു)ക്കുന്നു = وَأَهُشُّ بِهَا |
| മറ്റ് (വേറെയും പല) = أُخْرَىٰ ആവശ്യങ്ങൾ = مَـَٔارِبُ അതിൽ(തുകൊണ്ട്) = فِيهَا എനിക്കുണ്ട് = وَلِىَ |

## 14

**ഇ**താണ് മൂസാ നബിക്ക് അല്ലാഹു നൽകിയ ഒന്നാമത്തെ പാഠം. ഈ പാഠം തന്നെയാണ് എല്ലാ പ്രവാചകവര്യന്മാർക്കും ആദ്യം ലഭിച്ചിരുന്നത്. മനുഷ്യർക്ക് ഏറെ തെറ്റുപറ്റിയിട്ടുള്ളതും ഈ പാഠം പഠിക്കുന്നതിലാണ്. ഈ സൂക്തം വിശകലനം ചെയ്തു നോക്കിയാൽ അതിൽ മൂന്ന് കാര്യങ്ങൾ അടങ്ങിയിട്ടുള്ളതായി കാണാം. ഒന്നാമത്തേത് ഏകദൈവവിശ്വാസം. സത്യമതത്തിന്റെ കേന്ദ്ര ബിന്ദുവാണത്. ദൈവവിശ്വാസം എക്കാലത്തും എല്ലാ ജനങ്ങളിലും ഉണ്ടായിരുന്നു. പ്രാക്തന കാലങ്ങളിൽ നിരീശ്വരത്വം ഏറെക്കുറെ അജ്ഞാതമായിരുന്നു. നാസ്തികത്വം എന്ന മൂഢത ഒരു ഫാഷനായി കൊണ്ടുനടക്കുന്ന കുറെയാളുകൾ ഈയടുത്ത കാലത്ത് അവിടവിടെയായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും ദൈവവിശ്വാസികളെ അപേക്ഷിച്ച് നന്നെ ചെറിയ ന്യൂനപക്ഷമാണവർ. എന്നാൽ, ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും എല്ലാകാലത്തും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ മനുഷ്യവർഗത്തിൽ മഹാഭൂരിപക്ഷത്തെയും ഗ്രസിച്ചിരുന്നു. നിരീശ്വരത്വത്തെക്കാൾ ഒട്ടും ചെറുതല്ലാത്ത മൗഢ്യവും മാർഗഭ്രംശവുമാണത്. എല്ലാ പ്രവാചകന്മാരും ആദ്യമേ ഏകദൈവത്വം പഠിപ്പിക്കുകയും ബഹുദൈവ വിശ്വാസത്തിനെതിരെ സമരം പ്രഖ്യാപിക്കുകയും ചെയ്തത് അതുകൊണ്ടാണ്. ഏകദൈവ വിശ്വാസം സ്ഥാപിതമാകാതെ ദീൻ നിലനിൽക്കുകയില്ല. ബഹുദൈവവിശ്വാസം തുടച്ചുനീക്കപ്പെടാതെ ഏകദൈവവിശ്വാസം സ്ഥാപിതമാവുകയുമില്ല.

عبادة അല്ലാഹുവിന് ആയിരിക്കണമെന്നാണ് മൂസാ(അ)ക്ക് നൽകിയ രണ്ടാമത്തെ കൽപന. ഇവിടെ എനിക്ക് ഇബാദത്ത് ചെയ്യുക فَٱعْبُدْنِى എന്നതിലെ 'ഇബാദത്ത്' ഉപയോഗിച്ചിരിക്കുന്നത് ആരാധന, അടിമത്തം, അനുസരണം തുടങ്ങി അതിന്റെ എല്ലാ അർഥങ്ങളിലുമാണ്. ഇബാദത്ത് അല്ലാഹുവിന് ആയിരിക്കുക എന്നത് അവന്റെ അവകാശമാണ്. അവൻ മാത്രമാണ് സാക്ഷാൽ ദൈവം എന്ന് സമ്മതിക്കുന്ന മനുഷ്യന്റെ ബാധ്യതയുമാണ്. അവൻ ആരാധ്യൻ-معبود-ആണെന്നതിന്റെ അനിവാര്യ താൽപര്യമാണ് അവന് മാത്രം ഇബാദത്ത് ചെയ്യുക എന്നതും അവനല്ലാത്ത ആർക്കും ഇബാദത്ത് ചെയ്യാതിരിക്കുക എന്നതും. ഇബാദത്തിന്റെ ജീവൻ അല്ലാഹുവിനോടുള്ള അടിമത്തം സമ്മതിക്കലും, അനുസരിച്ചുകൊള്ളാമെന്നും കൂറുപുലർത്തിക്കൊള്ളാമെന്നും അവനോട് ചെയ്തിട്ടുള്ള കരാറിന്റെ പുതുക്കലും അതു സംബന്ധിച്ച ബോധവുമാണ്. നമസ്കാരവും സ്തുതികീർത്തനങ്ങളും അല്ലാഹുവിന്, പ്രായോഗിക ജീവിതത്തിലെ വിധേയത്വവും അനുസരണവും അവനല്ലാത്ത അധികാരികൾക്കും അവരനുശാസിക്കുന്ന നിയമങ്ങൾക്കും എന്ന നിലപാട് അല്ലാഹുവിനോടുള്ള അടിമത്തത്തിന് തികച്ചും വിരുദ്ധമാകുന്നു.

മൂന്നാമത്തെ കൽപന നമസ്കാരമാണ്. اقم الصلاة എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. നമസ്കാരം നിലനിർത്തുക എന്നാണ് ഭാഷാർഥം. صَلِّ (നീ നമസ്കരിക്കുക) എന്ന വാക്കിനെക്കാൾ കവിഞ്ഞ അർഥങ്ങളുൾക്കൊള്ളുന്നതാണ് اقم الصلاة. നമസ്കാരത്തിന്റെ പ്രാധാന്യവും നൈരന്തര്യവും വ്യവസ്ഥാപിതത്വവും കൂടി ധ്വനിപ്പിക്കുന്നുണ്ടത്. ഏകദൈവവിശ്വാസത്തെയും അവനുള്ള ഇബാദത്തിനെയും സജീവമാക്കുന്ന അനുഷ്ഠാനമാണ് നമസ്കാരം. അതുകൊണ്ടാണ് أَقِمِ ٱلصَّلَوٰةَ لِذِكْرِىٓ എന്നു പറഞ്ഞത്. നമസ്കാരം ഒറ്റക്കായാലും കൂട്ടമായിട്ടായാലും ദൈവസ്മരണയുടെ കാവൽക്കാരനും ഏറ്റം ശക്തമായ പ്രകടനവുമാണ്. എല്ലാ പ്രവാചകന്മാരും തൗഹീദിനൊപ്പം നമസ്കാരവും പഠിപ്പിച്ചിരുന്നു. നമസ്കാരത്തിലൂടെ അടിമയായ സൃഷ്ടി ഉടമയായ സ്രഷ്ടാവിനോട് ചെയ്തിട്ടുള്ള പ്രതിജ്ഞ അനുസ്മരിക്കുകയാണ്. വ്യക്തിയായാലും സമൂഹമായാലും നമസ്കാരം പാഴാക്കുമ്പോൾ ദീനിനെ മുഴുവൻ പാഴാക്കുകയാണ്.

لذكرى യുടെ നേർക്കു നേരെയുള്ള അർഥം എന്റെ സ്മരണക്ക് എന്നാണ്. ആശയം അല്ലാഹു അടിമയെ സ്മരിക്കാൻ എന്നുമാകാം. അടിമ അല്ലാഹുവിനെ സ്മരിക്കാനും അല്ലാഹു അടിമയെ സ്മരിക്കാനും എന്നാണ് താൽപര്യമെന്ന് കരുതുന്നതും അസംഗതമല്ല فاذكروني أذكركم (നിങ്ങൾ എന്നെ സ്മരിക്കുക, ഞാൻ നിങ്ങളെയും സ്മരിക്കാം 2:152) എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ.

## 15

**الساعة** 'ആ സമയം' കൊണ്ട് ഇവിടെ വിവക്ഷ ഭൗതിക ലോകം അവസാനിക്കുകയും മരണാനന്തര ജീവിതം ആരംഭിക്കുകയും, അതായത് മരിച്ചവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യുന്ന സമയമാണ്. ഉയിർത്തെഴുന്നേൽപ്പിന്റെ സംഭാവ്യതയെ പരാമർശിക്കുന്നു آتية എന്ന പദത്തിൽ. വരുന്നത് ആകുന്നു എന്നാണർഥം. سيأتى -വരും എന്നുപറയുന്നതിനെക്കാൾ ദാർഢ്യമുള്ള അർഥമുണ്ട് ഈ പദപ്രയോഗത്തിന്. അതിന്റെ വരവ് നിസ്സംശയമാണ്. ഇപ്പോൾ തന്നെ അതു വന്നു കൊണ്ടിരിക്കുകയാണ്. നിമിഷങ്ങൾ പിന്നിടുന്തോറും ലോകം അതിന്റെ അന്ത്യത്തോടടുക്കുകയാണ്. ഓരോ മനുഷ്യനും മരണത്തോടും തുടർന്നുള്ള ഉയിർത്തെഴുന്നേൽപ്പിനോടും അടുക്കുകയാണ്. സാധാരണ ജനങ്ങൾ മരണാനന്തര ജീവിതത്തെ ഖണ്ഡിതമായി നിഷേധിക്കാറില്ല. അതിൽ സന്ദേഹിക്കുകയോ അതിനെ അതിവിദൂരമെന്നു കരുതുകയോ അതിൽ അത്ഭുതപ്പെടുകയോ ചെയ്യുന്നവരാണധികവും. അതുകൊണ്ടാണ് ഖുർആൻ അതിന്റെ സംഭവ്യത്തെ ഊന്നിപ്പറയുന്നത്. ഉയിർത്തെഴുന്നേൽപ്പിനെപ്പറ്റി പറയുമ്പോഴൊക്കെ അവിശ്വാസികൾ ഉന്നയിക്കാറുള്ള ഒരു ചോദ്യമുണ്ട്. 'ശരി, എപ്പോഴാണത് സംഭവിക്കുക? ഒന്നു പറഞ്ഞുതരൂ.' അതിനുള്ള മറുപടിയാണ് أَكَادُ أُخْفِيهَا എന്ന വാക്യം. ഇതിനെ 'ഞാൻ ഏറെക്കുറെ അത് ഗോപ്യമാക്കി വെക്കുന്നു' എന്നാണ് തർജമ ചെയ്തിട്ടുള്ളത്. സംഗതിയുടെ അടുപ്പത്തെയും ആസന്നതയെയും കുറിക്കുന്ന പദമായ كاد യുടെ ഉത്തമ പുരുഷവചനമാണ് أكاد. അയാൾ വരാറായിരിക്കുന്നു എന്ന അർഥത്തിൽ كاد الرّجل ان يجئ എന്നു പറയും. 'ഞാൻ അതു ഗോപ്യമാക്കാൻ അടുത്തിരിക്കുന്നു' എന്നതിന്റെ ഉദ്ദേശ്യം ഇതാണ്. ഉയിർത്തെഴുന്നേൽപ്പിന്റെ സമയം അല്ലാഹു സൃഷ്ടികൾക്ക് ഗോപ്യമാക്കിയിരിക്കുന്നു. ഇപ്പോഴും അതങ്ങനെ തന്നെയാണ്. പക്ഷേ ഏതു നിമിഷത്തിലും അതു മറനീക്കി പുറത്തുവരാം. അൽഅഅ്റാഫ് 187-ാം സൂക്തത്തിൽ അതിങ്ങനെ വ്യക്തമാക്കുന്നുണ്ട്:

قُلْ إِنَّمَا عِلْمُهَا عِندَ رَبِّى ۖ لَا
يُجَلِّيهَا لِوَقْتِهَآ إِلَّا هُوَ ۚ ثَقُلَتْ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ لَا تَأْتِيكُمْ إِلَّا بَغْتَةً ۗ

"ഉയിർത്തെഴുന്നേൽപ്പിന്റെ സമയം അന്വേഷിക്കുന്നവരോട് പ്രവാചകൻ പറയുക: അതേക്കുറിച്ച ജ്ഞാനം വിധാതാവിങ്കൽ മാത്രമാകുന്നു. തക്ക സമയത്ത് അവൻ തന്നെ അതു വെളിപ്പെടുത്തും. എന്നാൽ വാനലോകത്തും ഭൂമിയിലും അതു കനം തൂങ്ങിനിൽക്കുകയാണ്. ആകസ്മികമായി നിങ്ങളിൽ അതു വന്നുഭവിക്കും."

أخفيها എന്ന വാക്കിന് ചില പണ്ഡിതന്മാർ മറ്റൊരർഥവും കൽപ്പിച്ചിരിക്കുന്നു. ചില ത്രൈയക്ഷര (ثُلاثِى) ക്രിയാപദങ്ങളിൽ ചെറിയ വ്യത്യാസം വരുത്തി വിപരീതാർഥത്തിലുപയോഗിക്കുന്ന സമ്പ്രദായം അറബിയിലുണ്ട്. ഉദാഹരണം مَرِض രോഗിയായി مَرَّضَ രോഗശുശ്രൂഷ ചെയ്തു(രോഗം നീക്കി) قَشَرْتُه ഞാനതു തോടിനുള്ളിലാക്കി, കൂട്ടിലാക്കി. قَشَّرْتُ البِرتقال ഞാൻ നാരങ്ങ തൊലി കളഞ്ഞു. ഇതുപോലെ خَفِى യയെ اَخْفى എന്നാക്കി വിപരീതാർഥത്തിലുപയോഗിച്ചിരിക്കുകയാണ്. ഇതനുസരിച്ച് أَكَادُ أُخْفِيهَا ക്ക് അവർ നൽകുന്ന അർഥം 'ഞാനതിന്റെ മറ നീക്കാറായിരിക്കുന്നു' എന്നാണ്. എന്നാൽ ഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളത് ആദ്യം പറഞ്ഞ അർഥമാണ്.

സൂക്തത്തിന്റെ لِتُجْزَىٰ എന്നു തുടങ്ങുന്ന അവസാ ഖണ്ഡം ഉയിർത്തെഴുന്നേൽപ്പിന്റെ ലക്ഷ്യം വ്യക്തമാക്കുകയാണ്. മനുഷ്യൻ ചെയ്യുന്ന കർമങ്ങൾക്കുള്ള പൂർണമായ പ്രതിഫലം ഈ ലോകത്തു ലഭിക്കുന്നില്ല. ചിലർക്ക് ഭൗതിക ഫലം കുറച്ചൊക്കെ ലഭിക്കുന്നു. ചിലർക്ക് അതും ലഭിക്കുന്നില്ല. ആയുഷ്ക്കാലം മുഴുവൻ സൽകർമങ്ങളനുഷ്ഠിച്ചു ജീവിച്ച ചിലർ ദയനീയമായ ദുരിതങ്ങളനുഭവിച്ചു മരിക്കുന്നു. ആയുഷ്ക്കാലമത്രയും ദുഷ്ടതകൾ മാത്രം ചെയ്യുന്ന ചിലർ സുഖാഡംബരങ്ങളിലാറാടി വാഴുന്നു; അയാളുടെ ഒരു ദുഷ്ടതക്കും യാതൊരു ശിക്ഷയും അനുഭവിക്കാതെ. അത് ഭൗതിക ലോകത്തിന്റെ സ്വഭാവത്തിൽ പെട്ടതാണ്. എന്നാൽ സൽകർമം ചെയ്തവർക്ക് അതിന്റെ സൽഫലങ്ങളും ദുഷ്ടർക്ക് ദുഷ്ടതയുടെ ശിക്ഷയും പൂർണമായ തോതിൽ ലഭിക്കുക എന്നതാണ് ദൈവനീതി. ഈ നീതി സമ്പൂർണമായി, സാക്ഷാത്കരിക്കപ്പെടുന്നതിനുള്ളതാണ് മരണാനന്തര ജീവിതം.

## 16

ദേഹേഛകൾ വാഗ്ദാനം ചെയ്യുന്നത് ക്ഷണികമായ ഭൗതിക സുഖങ്ങളാണ്. അതിന്റെ പിന്നാലെ പോകുന്നവർ വിദൂരം-آجل ആയ കർമഫല വ്യവസ്ഥ അംഗീകരിക്കുന്നില്ല. അഥവാ ഉയിർത്തെഴുന്നേൽപ്പിലും വിചാരണയിലും രക്ഷാശിക്ഷകളിലും വിശ്വസിക്കാൻ ഇഷ്ടപ്പെടുന്നില്ല. കാരണം പരലോക വിശ്വാസം ഇഹലോകത്ത് ഭൗതിക സുഖങ്ങളെ മാത്രം ലാക്കാക്കിയുള്ള ജീവിതം അനുവദിക്കുകയില്ല. ഈ ജിവിതത്തിൽ

സത്യവും ധർമവും നീതിയുമൊക്കെ പാലിക്കാൻ പരലോക വിശ്വാസം മനുഷ്യനെ നിർബന്ധിച്ചുകൊണ്ടിരിക്കും. അതൊഴിവാക്കാൻ അവൻ ഉയിർത്തെഴുന്നേൽപ്പിനെ സംശയിക്കുകയോ ഖണ്ഡിതമായി നിഷേധിക്കുകയോ ചെയ്യുന്നു. അത്തരക്കാരുടെ വിദണ്ഡവാദങ്ങളും താന്തോന്നിത്തങ്ങളും നിന്നെ പരലോകത്തെ കുറിച്ചും രക്ഷാശിക്ഷകളെക്കുറിച്ചുമുള്ള വിചാരത്തിൽനിന്ന് തടയാനിടയായിക്കൂടാ എന്ന് മൂസാ നബിയെ ഓർമിപ്പിക്കുകയാണ് അല്ലാഹു. ഇതാണ് ഈ സൂക്തത്തിന്റെ പ്രചുരമായ വ്യാഖ്യാനം.

മറ്റൊരു വ്യാഖ്യാനം ഇപ്രകാരമാണ്: ഇവിടെ عنها എന്നതിലെ സർവനാമം നമസ്കാരത്തെയും بها എന്നതിലെ സർവനാമം പരലോകത്തെയുമാണ് കുറിക്കുന്നത്. പരലോകത്തിൽ വിശ്വസിക്കാതെ ജഢികാസക്തികൾക്കൊത്തു വാഴുന്ന അധർമകാരികൾ-അഥവാ അവരുടെ നമസ്കാര നിഷേധവും വിമർശനങ്ങളും പീഢനങ്ങളും നിന്നെ നമസ്കാരത്തിൽ നിന്നും തടയാതിരിക്കട്ടെ. നമസ്കാരത്തിൽനിന്നും തടയപ്പെടുന്നവർ നശിച്ചുപോകും എന്നാണ് വചന താൽപര്യം. മുൻസൂക്തത്തിൽ നമസ്കാരം, ഉയിർത്തെഴുന്നേൽപ്പ് എന്നീ രണ്ടു കാര്യങ്ങൾ പരാമർശിച്ചശേഷം പറഞ്ഞ രണ്ടു ക്രിയകളിൽ (يصدّنك- يؤمن) ഓരോന്നും ഓരോ നാമത്തോട് ക്രമത്തിൽ ബന്ധിപ്പിക്കുന്നതാണ് ഉചിതമെന്ന് അവർ കരുതുന്നു. ദൃഢമായ പരലോക വിശ്വാസമില്ലാത്തവർ നമസ്കാരത്തിൽ വിമുഖരായിരിക്കുമെന്ന് 2:45-46 ൽ പ്രസ്താവിച്ചിരിക്കുന്നു.

وَٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ ۚ وَإِنَّهَا لَكَبِيرَةٌ إِلَّا عَلَى ٱلْخَٰشِعِينَ ﴿٤٥﴾

ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَٰقُوا۟ رَبِّهِمْ وَأَنَّهُمْ إِلَيْهِ رَٰجِعُونَ ﴿٤٦﴾

"സഹനത്തിലൂടെയും നമസ്കാരത്തിലൂടെയും നിങ്ങൾ ദിവ്യസഹായം തേടുക. വിധാതാവിനെ കണ്ടുമുട്ടുമെന്നും അവങ്കലേക്ക് മടങ്ങിച്ചെല്ലേണ്ടതുണ്ടെന്നും കരുതുന്ന ഭക്തന്മാരല്ലാത്തവർക്ക് നമസ്കാരം മഹാഭാരം തന്നെയാകുന്നു." നമസ്കാര വർജനവും ദേഹേഛകളെ പിൻപറ്റലും തമ്മിൽ ഒരുതരം കാര്യകാരണ ബന്ധമുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് 19:59 ൽ പറയുന്നു:

۞ فَخَلَفَ مِنۢ بَعْدِهِمْ خَلْفٌ أَضَاعُوا۟ ٱلصَّلَوٰةَ وَٱتَّبَعُوا۟ ٱلشَّهَوَٰتِ ۖ

فَسَوْفَ يَلْقَوْنَ غَيًّا ﴿٥٩﴾

"പൂർവപ്രവാചകന്മാർക്കുശേഷം പിഴച്ച പിൻഗാമികളുണ്ടായി. അവർ നമസ്കാരം പാഴാക്കി. ദേഹേഛകളെ പിൻപറ്റുകയും ചെയ്തു. ഈ മാർഗഭ്രംശത്തിന്റെ ദുഷ്പരിണതി ഉടനെ അവർ കണ്ടുമുട്ടും." പൂർവ പണ്ഡിതന്മാരിൽ അബൂ മുസ്‌ലിമും ആധുനികരിൽ മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയും സ്വീകരിച്ചിട്ടുള്ളത് ഈ വ്യാഖ്യാനമാണ്.

യഹൂദർ നമസ്കാരവും പരലോകവും ഒരുപോലെ മറന്നുപോയ കാര്യം അമീൻ അഹ്സൻ ഇസ്‌ലാഹി ചൂണ്ടിക്കാണിക്കുന്നു. അവരുടെ ഗ്രന്ഥങ്ങളിൽ ബലിയെക്കുറിച്ച് ധാരാളം പരാമർശങ്ങൾ കാണാം. പക്ഷേ ഒരിടത്ത് മാത്രമേ നമസ്കാരം പരാമർശിക്കുന്നുള്ളൂ. മൂസാ(അ) നമസ്കാരം കൽപ്പിച്ചിട്ടേയില്ല എന്നാണ് ചില ജൂതധർമശാസ്ത്രകാരന്മാരുടെ നിലപാട്. അതെപ്പറ്റി ബൈബിളിൽ വല്ല പരാമർശവുമുണ്ടെങ്കിൽ അത് പിൽക്കാലത്ത് ബൈബിൾ ക്രോഡീകരിച്ചവർ ചേർത്തതാണ്. യഹൂദരിലെ സദോഖി വിഭാഗം മരണാനന്തര ജീവിതം അംഗീകരിക്കുന്നില്ല. രക്ഷാശിക്ഷകളെല്ലാം ഈ ലോകത്തു തന്നെയാണെന്നത്രെ അവരുടെ വിശ്വാസം.

فَتَرْدَىٰ എന്ന സമാപന വാക്ക് ശക്തമായ ഒരു താക്കീതാണ്. പരലോകത്തിൽ അല്ലെങ്കിൽ നമസ്കാരത്തിൽ അശ്രദ്ധനാകുന്നതിന്റെ ഫലം മഹാദുരന്തമായിരിക്കും. ദീനിനെ സൂക്ഷിക്കുകയും വിശ്വാസിയെ ചെകുത്താന്റെ പരീക്ഷണങ്ങളിൽ നിന്നു രക്ഷിക്കുകയും ചെയ്യുന്ന ശക്തിയാണ് നമസ്കാരം. അതിൽ അശ്രദ്ധനാവുക എന്നാൽ സത്യവിശ്വാസി ചെകുത്താന് സ്വയം സമർപ്പിക്കുകയാണ്.

## 17-18

ഭാഷയിൽ يمين 'വലത്-ആണ്. വലതു കൈക്കും, ചിലപ്പോൾ വശം ഉദ്ദേശിക്കാതെ കൈക്ക് മാത്രവും ഈ പദം ഉപയോഗിക്കും. രണ്ടു പ്രയോഗാർഥങ്ങളും ഇവിടെ സാധുവാകുന്നു.

മൂസാ(അ)യുടെ കൈയിലുള്ളതെന്താണെന്നാരാഞ്ഞു കൊണ്ടുള്ള ചോദ്യമല്ല ഇതെന്ന് വ്യക്തമാണ്. അപരന്റെ കൈയിലിരിക്കുന്നതെന്താണെന്നറിഞ്ഞുകൊണ്ട് തന്നെ ശ്രദ്ധ ക്ഷണിക്കാനും വിഷയത്തിലേക്ക് കടക്കാനുമൊക്കെ 'ആട്ടെ, കൈയിലെന്താണിത്' എന്ന് ചോദിക്കാറുണ്ടല്ലോ. അതുപോലൊരു ചോദ്യമാണിത്. ആ വടിയിലൂടെ വെളിപ്പെടാൻ പോകുന്ന ദിവ്യാത്ഭുതത്തെക്കുറിച്ചാണല്ലോ തുടർന്ന് പറയുന്നത്. "ഇതൊരു വടിയാണ്" എന്നേ മൂസാ നബി മറുപടി പറയേണ്ടതുണ്ടായിരുന്നുള്ളൂ. പക്ഷേ അതുകൊണ്ട് തനിക്കുള്ള ഉപയോഗങ്ങളും പ്രയോജനങ്ങളും വിസ്തരിച്ചുകൊണ്ടാണ് മൂസാ(അ) മറുപടി പറഞ്ഞത്. വടിയൂന്നി നടക്കാൻ മാത്രം അവശനൊന്നുമായിരുന്നില്ല അദ്ദേഹം. ആവശ്യം വരുമ്പോൾ ഊന്നിനിൽക്കുകയോ നടക്കുകയോ ചെയ്യുമെന്നേ അർഥമാക്കേണ്ടതുള്ളൂ. ആടുകളെ തെളിക്കുക ഇഴജന്തുക്കളെയും ഹിംസ്രജന്തുക്കളെയും ആട്ടിയോടിക്കുക, ശത്രുജനങ്ങളെ നേരിടുക എന്നിങ്ങനെ നീണ്ടുപോകുന്നതാണ് മറ്റാവശ്യങ്ങൾ.

പ്രേമഭാജനത്തോടോ അത്യധികം വന്ദിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരോടോ സംസാരിക്കാൻ അവസരം കിട്ടുന്നവർ അത് കഴിയുന്നത്ര ദീർഘിപ്പിക്കാൻ ശ്രമിക്കുക സാധാരണമാണ്. അല്ലാഹുവാണ് തന്നോട് സംസാരിക്കുന്നതെന്നറിഞ്ഞ മൂസാ നബി ആ സംസാരം നീട്ടിക്കൊണ്ടുപോകാൻ ആഗ്രഹിച്ചതുകൊണ്ടാണ് ചോദ്യം ആവശ്യപ്പെട്ടതിലേറെ വിശദാംശങ്ങളോടെ ഉത്തരം പറഞ്ഞത്. 'കൈയിലെന്താണ്' എന്ന ചോദ്യത്തിൽനിന്ന് തന്നോടുള്ള അവന്റെ പ്രത്യേക താൽപര്യവും പരിഗണനയും മൂസാ നബി മനസ്സിലാക്കിയിരിക്കണം. ■